# ശഫാഅത്ത് അഥവാ ശുപാർശ

അല്ലാഹുﷻ പറഞ്ഞു:

﴿ وَأَنذِرۡ بِهِ ٱلَّذِينَ يَخَافُونَ أَن يُحۡشَرُوٓاْ إِلَىٰ رَبِّهِمۡ لَيۡسَ لَهُم مِّن دُونِهِۦ وَلِيّٞ وَلَا شَفِيعٞ لَّعَلَّهُمۡ يَتَّقُونَ ﴾

(തങ്ങളുടെ രക്ഷിതാവിങ്കലേക്ക് ഒരുമിച്ച് കൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവർക്ക് ഇത് (ദിവ്യബോധനം) മുഖേന നീ താക്കീത് നൽകുക. അവനുപുറമെ യാതൊരു രക്ഷാധികാരിയും ശുപാർശകനും അവർക്കില്ല. അവർ സൂക്ഷ്മത പാലിക്കുന്നവരായേക്കാം) (വി.ക്വു.6:51)

അല്ലാഹുﷻ പറയുന്നു:

﴿ قُل لِّلَّهِ ٱلشَّفَٰعَةُ جَمِيعٗاۖ ﴾

((പ്രവാചകരെ) പറയുക: അല്ലാഹുവിനാകുന്നു ശുപാർശ മുഴുവൻ.) (വി. ക്വു. 39: 44)

അല്ലാഹുﷻ പറയുന്നു:

﴿ مَن ذَا ٱلَّذِي يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦۚ ﴾

(അവന്റെ (അല്ലാഹു) അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്.) (വി. ക്വു. 2: 255)

അല്ലാഹുﷻ പറഞ്ഞു:

﴿ ۞ وَكَم مِّن مَّلَكٖ فِي ٱلسَّمَٰوَٰتِ لَا تُغۡنِي شَفَٰعَتُهُمۡ شَيۡـًٔا إِلَّا مِنۢ بَعۡدِ أَن يَأۡذَنَ ٱللَّهُ لِمَن يَشَآءُ وَيَرۡضَىٰٓ ﴾

(ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്! അവരുടെ ശുപാർശ യാതൊരു പ്രയോജനവും ചെയ്യുകയില്ല; അല്ലാഹു അവൻ

ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശക്ക്) അനുവാദം നൽകിയതിന്റെ ശേഷമല്ലാതെ.) (വി. ക്വു. 53: 26)

അല്ലാഹു ﷻ പറഞ്ഞു:

﴿ قُلِ ٱدۡعُواْ ٱلَّذِينَ زَعَمۡتُم مِّن دُونِ ٱللَّهِۖ لَا يَمۡلِكُونَ مِثۡقَالَ ذَرَّةٖ فِي ٱلسَّمَٰوَٰتِ وَلَا فِي ٱلۡأَرۡضِ وَمَا لَهُمۡ فِيهِمَا مِن شِرۡكٖ وَمَا لَهُۥ مِنۡهُم مِّن ظَهِيرٖ ۝٢٢ وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنۡ أَذِنَ لَهُۥۚ حَتَّىٰٓ إِذَا فُزِّعَ عَن قُلُوبِهِمۡ قَالُواْ مَاذَا قَالَ رَبُّكُمۡۖ قَالُواْ ٱلۡحَقَّۖ وَهُوَ ٱلۡعَلِيُّ ٱلۡكَبِيرُ ﴾

((പ്രവാചകരെ) പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ ജൽപിച്ചു കൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർത്ഥിച്ചു നോക്കൂ. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന് സഹായിയായി ആരുമില്ല. ആർക്കുവേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല.) (വി.ക്വു.34: 22,23)

അബുൽ അബ്ബാസ് (ഇബ്നു തെയ്മിയ്യ) رحمه الله പറഞ്ഞു: ‘‘അല്ലാഹു ﷻ താനല്ലാതെ മുശ്രിക്കുകൾ ബന്ധപ്പെടുന്നതെല്ലാം നിരാകരിച്ചു. അങ്ങനെ താനല്ലാത്തവർക്ക് ആധിപത്യമുണ്ടാകുന്നതിനേയും അല്ലെങ്കിൽ അതിൽനിന്നൊരു വിഹിതം ഉണ്ടാകുന്നതിനേയും അവൻ നിരാകരിച്ചു. അപ്രകാരം അവർ അല്ലാഹുവിന് സഹായിയാവുക എന്നതിനേയും നിരാകരിച്ചു. ഇനി ‘ശഫാഅത്താ’ണ് ബാക്കിയുള്ളത്. അവിടെ അല്ലാഹു ﷻ വ്യക്തമാക്കി, റബ്ബ് ആർക്കാണോ അനുവാദം നല്കുന്നത് അവർക്കല്ലാതെ ‘ശഫാഅത്ത്’ ഉപകരിക്കുകയില്ല. അല്ലാഹു ﷻ പറഞ്ഞു: (അവൻ തൃപ്തിപ്പെട്ടവർക്കു വേണ്ടിയല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല.)

മുശ്രിക്കുകൾ ധരിച്ചുവെച്ചതായ ഈ ശഫാഅത്ത് അന്ത്യനാളിൽ അസംഭവ്യമാണ്. വിശുദ്ധ ക്വുർആൻ അതിന്റെ സംഭവ്യതയെ നിഷേധിച്ചത് പോലെ. നബി ﷺ പറഞ്ഞു: അദ്ദേഹം വരികയും തന്റെ റബ്ബിന് സുജൂദിൽവീഴുകയും റബ്ബിനെ സ്തുതിച്ച് കൊണ്ടിരിക്കുകയും ചെയ്യും. അദ്ദേഹം ശഫാഅത്തകൊണ്ട് ആദ്യമേ

ആരംഭിക്കുകയില്ല. പിന്നീട് അദ്ദേഹത്തോട് പറയപ്പെടും: താങ്കൾ തല ഉയർത്തൂ. പറയൂ, താങ്കളുടെ വാക്ക് കേൾക്കപ്പെടും. ചോദിക്കൂ, താങ്കൾ ചോദിക്കുന്നത് നല്കപ്പെടും. ശുപാർശ പറയൂ, താങ്കളുടെ ശുപാർശ സ്വീകരിക്കപ്പെടും.

അബൂഹുറയ്റ പ്രവാചകൻﷺയോട് ചോദിച്ചു: ജനങ്ങളിൽ താങ്കളുടെ ശുപാർശ ലഭിക്കുന്ന അതിഭാഗ്യവാൻ ആരാണ്? അദ്ദേഹം പറഞ്ഞു: "'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ക്വൽബിൽ ഇഖ്ലാസ്വോടു കൂടി പറഞ്ഞവൻ ആരാണോ അവനാണ്.''

അപ്പോൾ പ്രസ്തുത ശഫാഅത്ത് അല്ലാഹുﷻയുടെ അനുവാദപ്രകാരം ഇഖ്ലാസ്വിന്റെ ആളുകൾക്കാണ്. അല്ലാഹുﷻ യിൽ ശിർക്ക് വെക്കുന്നവർക്ക് അത് ഉണ്ടാവുകയില്ല.

അതിന്റെ യഥാർത്ഥ്യം ഇപ്രകാരമാണ്: അഥവാ അല്ലാഹുﷻ യുടെ ആദരവ് ലഭിക്കുവാനും 'മക്വാമുൻ മഹ്മൂദ്' ലഭിക്കുവാനും വേണ്ടി ആർക്കാണോ അല്ലാഹുﷻ ശഫാഅത്തിന് അനുവാദം നൽകുന്നത് അദ്ദേഹത്തിന്റെ 'ദുആ'യിലൂടെ അല്ലാഹുﷻ ഇഖ്ലാസിന്റെ ആളുകൾക്ക് പൊറുത്തുകൊടുക്കും. ഈ രീതിയിൽ അല്ലാഹുﷻയാണ് മുഖ്ലിസ്വീങ്ങളോട് (ശഫാഅത്തിലൂടെ) ഔദാര്യം ചെയ്യുന്നത്.

അപ്പോൾ വിശുദ്ധ ക്വുർആൻ നിരാകരിച്ച 'ശഫാഅത്ത്' ശിർക്കുള്ള 'ശഫാഅത്താ'ണ്. ആയതിനാലാണ് അല്ലാഹുﷻ തന്റെ അനുമതിയാൽ ശഫാആത്തുണ്ടെന്ന് പല സ്ഥലത്തും സ്ഥാപിച്ചത്. നബിﷺ, പ്രസ്തുത 'ശഫാഅത്' തൗഹീദിന്റെ ആളുകൾക്കും ഇഖ്ലാസിന്റെ ആളുകൾക്കുമല്ലാതെ ഉണ്ടാകുകയില്ലെന്നും വ്യക്തമാക്കി.''

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- ഈ അദ്ധ്യായം ഉൾക്കൊണ്ട ആയത്തുകളുടെ തഫ്സീർ.
- നിരാകരിക്കപ്പെട്ട 'ശഫാഅത്തി'ന്റെ വിവരണം.
- സ്ഥിരപ്പെട്ട 'ശഫാഅത്തി'ന്റെ വിവരണം.
- 'അശ്ശഫാഅത്തുൽ ക്വുബ്റാ'യെക്കുറിച്ചുള്ള അനുസ്മരണം. അതത്രെ 'മക്വാമുൻ മഹ്മൂദ്'.

- പ്രവാചകൻﷺ ചെയ്യുന്ന രീതി, അഥവാ അദ്ദേഹം 'ശഫാഅത്ത്' കൊണ്ട് തുടങ്ങില്ല. പ്രത്യുത സുജൂദിൽ വീഴും. തനിക്ക് അനുവാദം നൽകപ്പെട്ടാൽ 'ശഫാഅത്ത്' ചെയ്യും.
- 'ശഫാഅത്ത്' ലഭിക്കുന്ന അതിഭാഗ്യവാൻ ആരാണ് ?
- അല്ലാഹുﷻയിൽ ശിർക്ക് ചെയ്യുന്നവർക്ക് 'ശഫാഅത്ത് ഇല്ല.
- 'ശഫാഅത്തി'ന്റെ വസ്തുത എന്താണ് എന്ന വിവരണം.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**